**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3010** **03-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമ പഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമ പഞ്ചായത്തിന് 2019-20 സാമ്പത്തിക വർഷമാണ് ക്ഷീരഗ്രാമം പദ്ധതി അനുവദിച്ചത്. ഒരു പശു യൂണിറ്റ്, രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, സമ്മിശ്ര ഡയറി യൂണിറ്റുകൾ, ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്ര ധനസഹായം, ശാസ്ത്രീയ കാലിത്തൊഴുത്ത് നിർമ്മാണം, ധാതുലവണ മിശ്രിത വിതരണം, കാലാവസ്ഥ വ്യതിയാനങ്ങൾക്ക് അനുസൃതമായി പശുക്കൾക്കുണ്ടാകുന്ന സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള ധനസഹായം എന്നീ പദ്ധതികളാണ് ക്ഷീരഗ്രാമം പദ്ധതിയുടെ ഭാഗമായി ചൊക്ലി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയത്. |

സെക്ഷൻ ഓഫീസർ